കണ്ണൂർ വിമാനത്താവളത്തിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

95 (109) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളത്തിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ ;

(ബി) വിമാനത്താവളത്തിനായുള്ള കമ്പനിയുടെ ഓഹരികൾ ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത് ;

(സി) സ്വകാര്യമേഖലയ്ക്ക് എത്ര ശതമാനം ഓഹരിയാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര ശതമാനം ഓഹരിയാണ് സർക്കാരിനുള്ളത് ; ഓഹരി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം അടിസ്ഥാനമാക്കിയിട്ടുണ്ടോ ;

(ഇ) വിമാനത്താവളനിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പദ്ധതിയുടെ ശിലാസ്ഥാപനം 2010 ഡിസംബർ 17-നു നടന്നു. പദ്ധതിക്കാവശ്യമായ 2200 ഏക്കർ ഭൂമിയിൽ 1278 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കിയുള്ള 783 ഏക്കർ ഭൂമിയുടെ അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവരെ ഏറ്റെടുത്ത സ്ഥലത്തിന് ചുറ്റുമതിൽ കെട്ടുന്നതിന്റെ ആദ്യഘട്ടത്തിന്റെ (254.8 മീറ്റർ) വർക്ക് ഓർഡർ ഉരാലുങ്കൽ ലേബർ സഹകരണ സൊസൈറ്റിക്ക് നൽകി. ഇനി കൺസൽട്ടന്റിനെ നിയമിച്ച് സാധ്യതാ പഠന റിപ്പോർട്ടിനെ ആധാരമാക്കി പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കി ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാക്കിയശേഷം നിർമ്മാണത്തിന്റെ കരാർ നല്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വിമാനത്താവള കമ്പനിക്ക് അടച്ചുതീർത്ത മൂലധനമായുള്ള 5 ലക്ഷം രൂപയുടെ ഓഹരി KTDC-ക്കും സർക്കാരിനുമാണ് നല്കിയിട്ടുള്ളത്.

(സി) സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിട്ടുള്ള 49% ഓഹരി ഇതുവരെ നൽകി തുടങ്ങിയിട്ടില്ല.

(ഡി) 2010 മാർച്ച് 31-ലെ ജി.ഒ.(എം.എസ്.)നമ്പർ 38/2010/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ സർക്കാരിന് 26% ഓഹരിയും, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 23%-വും 'ഇൻകൽ' പോലുള്ള സർക്കാർ പ്രമോട്ട് ചെയ്യുന്ന കമ്പനികൾക്ക് 2%-വും നിശ്ചയിച്ചിട്ടുണ്ട്.

(ഇ) നിർമ്മാണം തുടങ്ങി മൂന്നുകൊല്ലംകൊണ്ട് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly